DESPATCHED On..21.5.2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 1600(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12763/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. യൂനുസ് കുഞ്ഞ്,
ചോലയിൽ പടിഞ്ഞാറ്റതിൽ,
മുകുന്ദപുരം പി.ഒ.,
ചവറ, കൊല്ലം
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കരുനാഗപ്പള്ളി താലൂക്ക് ഓഫീസ്,
കരുനാഗപ്പള്ളി, കൊല്ലം – 691 583.

അപ്പീൽ അധികാരി,
കരുനാഗപ്പള്ളി താലൂക്ക് ഓഫീസ്,
കരുനാഗപ്പള്ളി, കൊല്ലം – 691 583.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 10.06.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | .......... |
| ഒന്നാം അപ്പീൽ | 26.06.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 01.07.2019, 12.07.2019 |
| രണ്ടാം അപ്പീൽ | 22.07.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, റീ സർവ്വെ നമ്പർ 225/6-2 ബ്ലോക്ക് നമ്പർ 20 –ൽ റ്റി.3/05/12/14 പ്പെട്ട ടി വസ്തുക്കൾ പഞ്ചായത്ത് വഴിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീലിൻമേലും തീരുമാനമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 19.06.2019 ൽ മറുപടി നൽകി എന്നും ചവറ വില്ലേജിൽ മുകുന്ദപുരം വാർഡിൽ പൂത്തേഴത്ത് കിഴക്ക് വശം മുതൽ അമ്മ വീട് ജംഗ്ഷൻ വരെയുളള വഴി അളന്നതിന്റെ റിപ്പോർട്ടാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എന്നും കോടതി മുമ്പാകെ പരിഗണനയിൽ ഇരിക്കുന്ന കേസിന്റെ ആവശ്യത്തിലേയ്ക്കായി അഡ്വക്കേറ്റസ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ വഴി അളന്ന് റിപ്പോർട്ട് സർവെയർ കോടതിയിൽ സമർപ്പിച്ചിരുന്നു എന്നും ടി വിവരം അപേക്ഷകനെ അറിയിച്ചിരുന്നു എന്നും എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അപാകത കണ്ടെത്താൻ കഴിയാത്തതിനാൽ അപ്പീൽവാദിയുടെ ഒന്നാം അപ്പീൽ അപേക്ഷ നിരസിച്ച് 26.07.2019 ൽ ഉത്തരവായി എന്നുമാണ്.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും ഒന്നാം എതിർകക്ഷി നൽകിയ റിപ്പോർട്ടും പരിശോധിക്കുമ്പോൾ, ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി നിയമാനുസൃതമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടി ശരിവച്ചുകൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMATION